# Academic Master Plan

## CLASS - 1

## 2025-2026

## Aim

To speak read and write English without any mistakes.

| Month | Aim | Activities |
|---|---|---|
| June | skills | * To develop listening skills and reading skills.<br>* Description, growing sentences, picture reading, riddles, quiz. |
| July | Reading skills | * Reading breaking news<br>* find words from reading materials<br>• Rhyming words |
| August | | • Describing words from text book activities. |
| September<br>October<br>November<br>December | Writing Skills | * Make word web<br>* Picture description<br>* Word chain.<br>* Conversation<br>* Add more lines |

| Month | Aim | Activities |
| --- | --- | --- |
| January<br>February<br>March | Writing and listening Skills | * Listen and do<br>* Add more lines<br>* Riddles<br>* Find the difference. |

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികാസമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺമാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പ്രവർത്തികളാണ് ഒരുക്കുന്നത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി രേഖപ്പെടുത്തുന്നതിനുള്ള കഴിവു നേടുന്നുവെന്നു ഉറപ്പുവരുത്തുക.
* ഒരക്ക സംഖ്യകളും രണ്ടക്കസംഖ്യകളും ലളിതമായ പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവു നേടുക.
* തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും നിഗമനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിന് കഴിവുള്ളവരാക്കുക.

* കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസവും ഭദ്രതയും ഉറപ്പാക്കുക.

## പ്രവർത്തനപദ്ധതി

ലക്ഷ്യം-1 ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ കൃതികൾ വായിച്ച് ആശയം പറയാൻ കഴിവുള്ളവരാക്കുക.

ജൂൺ.

* ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു. ജൂൺ 5 ലെ പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച് പരിസ്ഥിതി കവിതകൾ, പോസ്റ്ററുകൾ എന്നിവ ക്ലാസിൽ പരിചയപ്പെടുത്തി കുട്ടികൾക്ക് അവബോധം നൽകുന്നു. ചിത്രകഥകൾ കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്നു.

ജൂലൈ.

* ടീച്ചർ പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.
* വീട്ടുവായന, രക്ഷിതാക്കൾ, പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു.
* കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.
* ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.
* കഥ ശില്പശാല.
* ചിത്രകഥാ കാർഡുകൾ, വായനകൾ, നിർമാണ ശില്പശാല
* ഡിജിറ്റൽ സാധ്യതകൾ ഉൾപ്പെടുത്തി കഥ കാണാനും

കേൾക്കാനും പുനരവതരണത്തിനുള്ള സാധ്യത ഒരുക്കൽ.

* ആഗസ്റ്റ്:
* തിയേറ്റർ സാധ്യതകൾ, വായന കേന്ദ്രികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുവാൻ.
* കഥകളുടെ പുനരാവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പോസ്റ്ററുകളുടെ സഹായത്തോടെ അവതരിപ്പിക്കാൻ അവസരം.
* സെപ്റ്റംബർ
* ചിത്ര വായന നടത്തി പുസ്തകത്തിലെ കാര്യങ്ങൾ പങ്കിടുന്നു. (കുട്ടികളുടെ വായിക്കാനുള്ള പുസ്തകങ്ങൾ)
* ചിത്രങ്ങൾക്ക് അടിക്കുറിപ്പെഴുത്ത്.
* കൂട്ടുവായന - കുട്ടികൾ പരസ്പരം സഹായിച്ച് ചിത്രകഥാവായന നടത്തുന്നു.

ഒക്ടോബർ:
* ലഘുവായ വായനാകാർഡുകൾ സഹായത്തോടെ വായിക്കുന്നു.
* വേദികളിൽ സ്വന്തമായി കഥ പറയൽ.

നവംബർ:
* ചിത്രത്തിന്റെ അടിസ്ഥാനത്തിൽ കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു.
കുട്ടി സഹായത്തോടെ വായിക്കുന്നു.

ഡിസംബർ.

* കുട്ടികൾ നിർമ്മിച്ച കഥകളുടെ ശേഖരണം.
* നാട്ടുവായന. കുട്ടികൾ നിർമ്മിച്ച കഥകൾ അവർ തന്നെ വായിക്കുന്നത്. നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു

ജനുവരി

* ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.
* ബാലമാസികകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.

ഫെബ്രുവരി.

* ചെറിയ ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു.
* കുട്ടികൾ ചിത്രങ്ങളുടെ പിന്തുണയോടെ വായിക്കുന്നു.

* മാർച്ച്:

* ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു.
* ചിത്രവായന നടത്തുന്നു.
* കഥ, കവിത വിഷയാടിസ്ഥാനത്തിൽ എഴുതുന്നു.
* ക്ലാസ് ലൈബ്രറിയിലെ 20 പുസ്തകങ്ങൾ.. എല്ലാം വായിക്കുന്നതിന് അവസരം.
* സഹായമില്ലാതെ, ചില കുട്ടികൾക്ക് തനിയെ വ്യക്തമായി എഴുതാനുള്ള കഴിവ്.
* കഥ പൂരിപ്പിക്കാനുള്ള അവസരം.
* പോസ്റ്ററിക്കാം, കഥയാക്കാം എഴുതാം. ഉദാ പ്രവർത്തനങ്ങൾ സാധ്യമാകണം.

## ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശേഷിപ്പിക്കുന്നു.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

| മാസം | ലക്ഷ്യം | പ്രവർത്തനം |
|---|---|---|
| ജൂൺ | സംഖ്യാബോധം | * സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>* സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.<br>* സംഖ്യാകാർഡ് നിർമ്മിക്കൽ |
| ജൂലൈ | ഗണിത കിറ്റ് | * ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുകൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു. |
| ആഗസ്റ്റ് | വലിയ, ചെറിയ * സംഖ്യ | *1-20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ<br>* വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം. |

| മാസം | ലക്ഷ്യം | പ്രവർത്തനം |
|---|---|---|
| സെപ്റ്റംബർ | സങ്കലന പ്രക്രിയകൾ | * സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ. രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലന പ്രക്രിയകൾ നടത്തൽ<br>* ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും. |
| ഒക്ടോബർ | ഒറ്റ സംഖ്യകൾ<br>ഇരട്ട സംഖ്യകൾ | * ഒറ്റ / ഇരട്ട സംഖ്യകൾ തിരിച്ചറിയൽ<br>* ഒന്നിടവിട്ട സംഖ്യകൾ ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിവ് ഉണ്ടാക്കൽ |
| നവംബർ | സംഖ്യാഗാനങ്ങൾ | * സംഖ്യാഗാനങ്ങൾ പരിചയം<br>* ഗണിത പ്രവർത്തനം ആസ്വാദനം. |
| ഡിസംബർ | വർക്ക്ഷീറ്റ് | * സംഖ്യകളെ സുദൃഢമാക്കൽ<br>* വർക്ക്ഷീറ്റ് പ്രവർത്തനങ്ങൾ<br>* My number book തയ്യാറാക്കുക. |
| ജനുവരി | വ്യവകലന പ്രവർത്തനം | * ഒറ്റ / രണ്ട് സംഖ്യയും തമ്മിലുള്ള വ്യവകലനം പ്രവർത്തനങ്ങൾ<br>10 + 1 = 9 , 10 - 2 = 8 |
| ഫെബ്രുവരി | ചിഹ്നങ്ങൾ തിരിച്ചറിയൽ | * സങ്കലനം, വ്യവകലനം എന്നീ ചിഹ്നങ്ങൾ തിരിച്ചറിയുന്നു |
| മാർച്ച് | ഗണിതകിറ്റ് | * ഗണിത കിറ്റ് പ്രവർത്തനം |

ലക്ഷ്യങ്ങൾ

* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് തിരിച്ചറിയുന്നു.
* വിവിധ തരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
* സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു
* പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, (പരാഗണം, ചെറുത്, വലുത്, പട്ടികപ്പെടുത്തുന്നു.
* നിറം രുചി, ആകൃതി, മണം, വലിപ്പം, എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
* പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്നു പറയുന്നു.

| മാസം | ലക്ഷ്യം | പ്രവർത്തനം |
|---|---|---|
| ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തൽ | * പ്രകൃതി നടത്തം.<br>* ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു.<br>* പല തരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു.<br>* പരിസ്ഥിതി ദിനം - പോസ്റ്റർ, കവിത. |
| സെപ്തംബർ<br>ഒക്ടോബർ | ചെടികൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. | * സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു<br>* പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു. |
| ഡിസംബർ | ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു. | * പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ടുവരുന്നു. |
| ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | അടുക്കളത്തോട്ടം. | * ഓരോന്നിന്റെയും ഏതു ഭാഗമാണ് ഭക്ഷ്യയോഗ്യമായത് കണ്ടെത്തുന്നു<br>* രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു. |

# Academic Master plan

# Class II

# 2025-2026

# അക്കാദമിക മാസ്റ്റർപ്ലാൻ - 2025-26

## മലയാളം

## രണ്ടാം ക്ലാസ്സ്

ആമുഖം :-

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിലെ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ വികാസം പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ അവതരിപ്പിക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകികൊണ്ട് അനുയോജ്യവും പരിചിതവുമായ ഭാഷാപ്രവർത്തനങ്ങളിലൂടെ, പിന്നോക്കക്കാർ ഉൾപ്പെടെയുള്ള വിദ്യാർത്ഥികളെ ഭാഷയുടെ എല്ലാ മേഖലകളിലും മികവുറ്റവരാക്കിത്തീർക്കുക എന്നതാണ് ഈ വർഷത്തെ പ്രവർത്തനലക്ഷ്യം.

## പ്രവർത്തനലക്ഷ്യങ്ങൾ :-

* രണ്ടാംക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തംഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* രണ്ടാംക്ലാസ്സിലെ എല്ലാകുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പിക്കുന്നതിന്.
* ക്ലാസ്സിലെ നിലവാരത്തിനനുസരിച്ചുള്ള വ്യവഹാരരൂപങ്ങൾ തെറ്റില്ലാതെ തയ്യാറാക്കുവാൻ എല്ലാകുട്ടികളെയും പ്രാപ്തരാക്കുക.
* വർഷാവസാനം സ്വതന്ത്രമായ വ്യക്തിഗതരചനകൾ നടത്തുന്നതിന് കുട്ടികളെ കഴിവുള്ളവരാക്കുക.
* ചിത്രങ്ങളെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കുറിപ്പുകൾ, പോസ്റ്ററുകൾ എന്നിവ സ്വന്തമായി തയ്യാറാക്കുന്നതിന്.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുന്നു, ചൊല്ലുന്നു (കവിതാപൂരണം)

# പ്രവർത്തനങ്ങൾ

## JUNE

* ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ടത്)
* സ്വതന്ത്രമായ ഭാഷണത്തിന് ക്ലാസ്സിൽ അവസരം ഒരുക്കൽ
* കുട്ടികളുടെ നിലവാരത്തിനനുയോജ്യമായ വായനാസാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ രൂപീകരിക്കൽ. വായനാദിനവും വായനാവാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തുന്നു.

## JULY

* വായനയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* വായനയുടെയും എഴുത്തിന്റെയും സാധ്യത ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, വായനാമൂല എന്നിവ സജ്ജീകരിക്കൽ, പ്രദർശനം നടത്തൽ
* എഴുത്തിന്റെ വിവിധതലങ്ങൾ പരിചയപ്പെടുത്തൽ.

## ആഗസ്റ്റ്

* രക്ഷിതാക്കളുടെ സഹകരണത്തോടെ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* വീട്ടു ലൈബ്രറി ഒരുക്കൽ
* അമ്മ വായന പ്രോത്സാഹിപ്പിക്കൽ
* ചിത്രവായന നടത്തൽ
* ചിത്രങ്ങൾ നോക്കി വ്യത്യസ്ത വ്യവഹാരരൂപങ്ങൾ തയ്യാറാക്കുന്നു.
* ഭാഷാകേളികളിലൂടെ ഭാഷാവികാസം സാധ്യമാക്കുന്നതിനുള്ള വ്യത്യസ്തപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കുന്നു.
* വായിച്ചകഥയിൽനിന്ന് സംഭാഷണം ഒരുക്കുന്നു
* വായിച്ച കഥയിൽനിന്നും ചോദ്യങ്ങൾ ഉണ്ടാക്കുന്നു
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം നടത്തുന്നു.
* പാട്ടുകൾ, പ്രകൃതിനടത്തം, യാത്രകൾ, എന്നിവയിലൂടെ ഭാഷണത്തിനും ലേഖനത്തിനും അവസരമൊരുക്കുന്നു.

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തംഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* വ്യത്യസ്ത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പതിപ്പുകൾ തയ്യാറാക്കുന്നു.
* ആൽബം തയ്യാറാക്കുന്നതിന് അവസരം ഒരുക്കുന്നു.
* വായനാക്കാർഡുകൾ നിർമിക്കുന്നു.

## നവംബർ

* കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഉണ്ടാക്കുന്നു.
* "എന്റെ വളരുന്ന പുസ്തകം" തയ്യാറാക്കുന്നു.
* "സചിത്ര പുസ്തക"വുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യുന്നു.

## ഡിസംബർ.

* ഭാഷാവികാസത്തിനനുയോജ്യമായ പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

* വ്യവഹാരരൂപങ്ങൾ പദ്യമാക്കുന്നതിനുള്ള തന്ത്രങ്ങൾ, സാധ്യതകൾ രൂപീകരിച്ചു ചെയ്യുന്നു.

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാപൂരണം)
* ചെറുവിവരണങ്ങൾ തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ
* അറിയിപ്പുകൾ, പോസ്റ്ററുകൾ എന്നിവ ആശയപൂർണ്ണതയോടെ തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനും.

## ഫെബ്രുവരി

* ഭാഷണം, വായന, ലേഖനം തുടങ്ങിയ ഭാഷയിലെ മികച്ച മേഖലകളിൽ കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്തൽ.
* കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ
* എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പിക്കൽ.

## മാർച്ച്

* സ്വതന്ത്രമായ വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ.
* കൈയെഴുത്തു മാസിക, പതിപ്പുകൾ, മാഗസിനുകൾ എന്നിവയിൽ ഓരോ കുട്ടിയുടെയും രചനകൾ ഉറപ്പാക്കൽ.
* വിവിധതരം വായനകൾ പ്രോത്സാഹിപ്പിക്കൽ. (വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, ചിത്രവായന, അമ്മ വായന എന്നിവ)
* ക്ലാസ് ലൈബ്രറി വികസിപ്പിക്കൽ.
* നവമാധ്യമങ്ങളിലും PTA മീറ്റിംഗിലും അവതരിപ്പിക്കുന്നതിന് അവസരം ഒരുക്കൽ
* പഠനോത്സവം മികച്ചതാക്കൽ.

# Academic Master Plan
# English - STD- II

**Aim:-** To communicate, Read and Write English.

**Time:-** June to March
Pretest - To check the vocabulary and writing skills of the pupil

## June & July

* To develop listening skills & reading skills.

Listening skills

* Games, stories, action songs, Hello English activities, role play
* Conversations, Skit, Stories, use of ICT etc.

## August and September

* Develop the creative speaking and writing
* Identify the naming words from the picture.
* Identify the action words from the same pictures.
* Make simple sentences using the action word naming words about the picture.
* Growing Sentences, picture reading, Self introduction assembly are also conducted

Activities

Speech, Book review, quiz, riddles, Self introduction,

## October & November

To express thoughts and feelings etc.

Reading skills

* News paper reading, library books reading reading conversations, skits, stories use of
* ICT materials.

Reads newspaper

* Picture stories
* Telling stories using pictures.
* Reads notice.

Writing skills

* Making word web
* picture description with describing words.
* Word chain, sentence chain.
* Make words & sentences
* Make riddles, conversations
* Add more lines.

Activities

Speech, book review, quiz, riddles, self introduction.

## December and January

* Develop the creative speaking and writing.
* To express thoughts, feelings etc.

### Reading Skills

* Newspaper reading, library books reading, book review, reading
* Conversations, skits, stories use of ICT

Materials
Reads breaking news
Sentence strips
Reads diary
letters from friends.

### Writing Skills

Diary
Letter
Announcement
Activities : Speech, quiz, riddles, Class magazines, Skits,

## February and March

* To improve the communication skills

Reading Skills.
Reads sentences, Headlines of newspaper, library book
Conversations, skit stories and ICT
Materials

Develops story
Reads diary
Writing Skills
Diary
Letter
Announcement
Activities :- speech, quiz, riddles, magazines.
Skits, classroom activities.

# Academic Master Plan
## Mathematics
## Std-II

## ആമുഖം

ഗണിതാശയങ്ങൾ ഉൾക്കൊണ്ട് പഠനനേട്ടങ്ങൾ കൈവരിക്കുന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. പ്രവർത്തനങ്ങൾ ലളിതവും രസകരവുമായി അവതരിപ്പിച്ച് ഗണിത പഠനത്തിൽ കുട്ടികളിൽ താല്പര്യം വളർത്തിയെടുക്കുക എന്നതാണ് ഇതു കൊണ്ട് ലക്ഷ്യമാക്കുന്നത്.

# പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളുടെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പിക്കൽ

* സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
* ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കുന്നതിന്.
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു എഴുതുന്നു (100ൽ താഴെ)
* ഒരു സംഖ്യയെ മറ്റൊരു സംഖ്യയോട് കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാനാകും എന്ന ധാരണയിൽ എത്തിച്ചേരൽ
* പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

# മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടികൾ കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

# June

1, 2, 3, 4 - - - - - - - -
1, 3, 5, 7 - - - - - - -
2, 4, 6, 8 . - - - - - - -
5, 10, 15, 20, - - - - - - -
10, 20, 30, 40, - - - - - - -

തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ

* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

# July

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
* ഗണിതകിറ്റ് എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ (5+5=10, 10+10=20)

# August

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ 99നോട് 1 കൂട്ടി 100, 10 പത്തുകൾ ചേർന്നാൽ 100 ആകും 100 ഒന്നുകൾ ചേർന്നതാണ് 100.
* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ.

# September

ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി

പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
വിലവിവരപ്പട്ടിക തയ്യാറാക്കൽ.

## October

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. രണ്ടക്ക സംഖ്യയിൽ നിന്നും ഒരക്ക സംഖ്യയുടെ വ്യവകലനം, രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനം. വ്യവകലനം.
* സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
* സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ, പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ.

5 . . 10 . . 15 . . . 20 . . . 25

5 വീതം കൂട്ടിയാൽ പ്രശ്നവിശകലനം.

## November

* സ്ഥാനവില തിരിച്ചറിയൽ - സംഖ്യാവ്യാഖ്യാനം ഉറപ്പിക്കൽ
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ് അബാക്കസ് നിർമ്മിക്കൽ.

## December

* സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്) പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ. ക്ലാസിനൊരു കട കളിയിലൂടെ പ്രശ്നനിർധാരണം ചെയ്യൽ.
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ കൂട്ടി ചേർത്ത് സംഖ്യ രൂപീകരണം

10 രൂപ + 5 രൂപ = 15 രൂപ

നോട്ട് നാണയം

## January

* വില വിവരപ്പട്ടിക തയ്യാറാക്കൽ
* വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ.
* പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ.
* പ്രശ്നം നിർദ്ധാരണം ചെയ്ത തുക കണ്ടെത്തൽ രീതികൾ
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.

## February

* ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ.
(ഒന്ന് എന്ന് പറയുമ്പോൾ...)
* Materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ (ICT)
* ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വിജ്ഞാനം കൈ വരിക്കൽ

## March

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ
* കലണ്ടറിൽ ചുവന്ന അക്കങ്ങളുടെയും കറുത്ത അക്കങ്ങളുടെയും തിരിച്ചറിവ്
* കലണ്ടർ നോക്കി സംഖ്യാബന്ധങ്ങൾ, പാറ്റേണുകൾ, രൂപീകരിക്കൽ, സംഖ്യകളെ താരതമ്യം ചെയ്യൽ
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ്: 3

2025-26

# Standard III 2024-2025

## English Masterplan

### Aim

To speak, Read & write English without any mistakes

### Activities

#### June- July

- paretest
- To develop listening skills and reading skills

### Listening Skills

- Games, Action Songs
- Conversations
- Skit, stories using ICT

## Speaking skills

- Identify the naming words from the picture.
- make the Simple Sentences using the action word about the picture.
- make simple description about the picture.

## August - September

Develop the creative Speaking. and writing

## Reading skills

- Books reading
- collect and read past tense
- Rhyming words
- T.B activities

## writing skills

- Make word web
- picture description
- word chain
- Make words & sentences
- make riddles, conversations

October - November

To express thoughts, feelings etc.

Reading skills

- Library book reading
- Conversations, skit, stories, use ICT
- Read notice
- Develop story

Writing skills

- Description
- Thoughts

December - January

Develop the creative speaking and writing

Reading skills

- Library books reading
- Develop story
- Reads diary

Writing Skills

- Diary
- Announcement

Feburuary - March

To improve the presentation power

Reading skills

- Reading library books
- Conversations, skit Stories
- Develop story
- Writing Skills
- Dairy
- Descriptions
- Thoughts

# ക്ലാസ് - 3 - 2025 - 26

## മലയാളം : മാസ്റ്റർ പ്ലാൻ

### ആമുഖം:

ഭാഷയിലടങ്ങിയ സൗന്ദര്യത്തിന്റെ അടിസ്ഥാന ഘടകം അതിന്റെ താളമാണ്. പദ്യത്തിലും ഗദ്യത്തിലും ഉൾച്ചേർന്ന താളവൈവിധ്യം കണ്ടെത്താനും ആസ്വദിക്കാനും കഴിയണം.

### ലക്ഷ്യം

* പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി കുട്ടികൾ എല്ലാവരും സംഘപ്രവർത്തനങ്ങ-ളിൽ ഏർപ്പെട്ട് ജനാധിപത്യമൂല്യങ്ങൾ സ്വാംശീകരിക്കും.
* രചനകൾ ഭാവാത്മകമായി വായിക്കും.
* ലളിതമായ സർഗാത്മക രചനകൾ നടത്തും.
* കഥകളെയും കവിതകളെയും മൂകം, നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

# പ്രവർത്തന പദ്ധതികൾ

## ജൂൺ - ജൂലായ്

- നാടൻ പാട്ടുകൾ ശേഖരണം.
- പഴഞ്ചൊല്ലുകൾ ശേഖരണം.
- കഥാശേഖരം.
- കടങ്കഥകൾ ശേഖരണം
- കലാരൂപങ്ങൾ വേഷവിധാനം

## ആഗസ്റ്റ് - സെപ്തംബർ

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ സൂക്ഷിവയ്ക്കൽ.
- റോൾപ്ലേ അവതരണങ്ങൾ.
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ, ശേഖരണം.
- പലഹാരമേള

## ഒക്ടോബർ - നവംബർ

- കത്തുകൾ
- ഹരിതകർമ്മ സേന അംഗങ്ങളുമായി അഭിമുഖം.
- സ്കൂൾ പത്രം
- നാടോടി കഥകളുടെ അവതരണം.
- നാടൻപാട്ടുകളുടെ അവതരണം.

## ഡിസംബർ - ജനുവരി

- മനുഷ്യന്റെ കൈകൾ
- കൃഷിപ്പാട്ടുകൾ, കൃഷിചൊല്ലുകൾ അവതരണം.
- കുട്ടിക്കളികൾ - കുട്ടിക്കാലത്തെ കളി അനുഭവങ്ങൾ വിവരണം, പതിപ്പ്, നാടൻപാട്ട് ശിൽപശാല.

## ഫെബ്രുവരി - മാർച്ച്

- ഒത്തുപിടിക്കുക, ഒന്നായിനിൽക്കുക, നോക്കി കാണുക, പ്രകൃതിയോടൊപ്പം ഒത്തുവാഴുക, കാര്യങ്ങൾ ഓർത്തിരിക്കുക, ടിവിയിലേക്ക് നോക്കുക തുടങ്ങിയ ആശയങ്ങൾ സ്വാംശീകരിക്കുക.

# ക്ലാസ് - 3 - 2025-26

## പരിസരപഠനം - മാസ്റ്റർപ്ലാൻ

### ആമുഖം

കുട്ടികളിൽ അന്തർലീനമായിരിക്കുന്ന വ്യക്തിഗത പ്രവർത്തനങ്ങളിൽ തെളിയാൻ കൂടുതൽ സാധ്യത ഒരുക്കേണ്ടത്. പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തേണ്ടത് നമ്മുടെ കടമയാണ്.

### ലക്ഷ്യം

- പരിസ്ഥിതി സൗഹാർദ മനോഭാവം വളർത്തിയെടുക്കുക.
- കുട്ടികളെ വ്യക്തി ശുചിത്വം, പരിസര ശുചിത്വം, എന്നീ ശീലങ്ങളെ വളർത്തുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക.
- പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലേർപ്പെട്ട് ശാസ്ത്രീയ മനോഭാവം വളർത്തുക.

# പ്രവർത്തന പദ്ധതികൾ

## ജൂൺ - ജൂലായ്

- പ്രീ - ടെസ്റ്റ്
- പ്രകൃതി നടത്തം
- ദൃശ്യങ്ങളുടെ പ്രദർശനം
- പോസ്റ്റർ രചനാ മത്സരം - അവതരണം
- ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.

## ജൂലായ് - സെപ്തംബർ

- ചുറ്റുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുക.
- വിവിധ ആവാസവ്യവസ്ഥകൾ
- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച
- പരിസരമലിനീകരണം ചർച്ച, ജലമലിനീകരണം
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ.
- പരിസ്ഥിതി സംരക്ഷണ പോസ്റ്റർ.

## ഒക്ടോബർ - ഡിസംബർ

- ദിന കാര്യങ്ങൾ
- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം.
- വ്യക്തി ശുചിത്വം, ക്ലാസ്റൂം, പരിസര ശുചിത്വം. എന്നിവ അടിസ്ഥാനമാക്കി മാർക്ക് നൽകുന്നു.
- നല്ല ശീലം പോസ്റ്ററുകൾ തയ്യാറാക്കുന്നു.
- ആഹാരശീലങ്ങൾ - ക്ലാസ് - ചർച്ച

ജനുവരി - മാർച്ച്

- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
- റോഡ് സുരക്ഷാ നിയമങ്ങൾ - പോസ്റ്റർ നിർമ്മാണം.
- വിവിധ ജീവജാലങ്ങളുടെ ആവാസസ്ഥലം - അന്വേഷണം. ഗ്രൂപ്പാക്കൽ.

# STANDARD - III 2024-2025

# ഗണിതം : മാസ്റ്റർ പ്ലാൻ

## ആമുഖം

താൽപര്യത്തോട് ആസ്വദിച്ച് മനസിലാക്കി പഠിച്ചാൽ ഇഷ്ടം കൂടാൻ കഴിയുന്ന വിഷയമാണ് ഗണിതം പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളെയും കണ്ണിയായി ചേർത്തികൊണ്ടാണ് മൂന്നാം ക്ലാസിൽ അവതരിപ്പിക്കുന്നത് കുട്ടികളുടെ താൽപര്യം ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട് യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകമാണ് നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടിവരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ, ഒരു നിശ്ചിത കൂട്ടത്തിന്റെ എണ്ണം, വലിപ്പം എന്നിവ തിരിച്ചറിയാൻ അവസരം ഒരുക്കിയിരിക്കുന്നു. സംഖ്യകളുടെ സ്ഥാനവിലയും സ്ഥാനവിലയനുസരിച്ച് സംഖ്യകളെ ക്രമീകരിക്കാനും കുട്ടികൾ മനസിലാക്കിയിട്ടുണ്ട്

## ലക്ഷ്യം

- നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ, കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.
- ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു.
- നിത്യജീവിതത്തിൽ വിവിധ ആവശ്യങ്ങൾക്കായി നാണയങ്ങളും കറൻസികളും ഉപയോഗിച്ചുള്ള ക്രയവിക്രയം നടത്തുന്നു.
- നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റിമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുത്തുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. സ്കെയിൽ, ടേപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾക്ക് ഒരുക്കുന്നത് അളവുകൾ ഊഹിച്ച് പറയുന്നതിനും നീളം കൃത്യമായി അളക്കുന്നതിനും ധാരാളം അവസരങ്ങൾ ഉണ്ട്
- ഗുണനചിന്തയോടൊപ്പം ഹരണചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

# പ്രവർത്തന പദ്ധതികൾ

## ജൂൺ

* നമുക്ക് ചുറ്റും കാണുന്ന നിർമ്മിതിയിലും മറ്റും ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ഉപയോഗപ്പെടുത്തിയിരിക്കുന്നു.

* രൂപങ്ങൾ സവിശേഷതകൾക്കനുസരിച്ച് തരംതിരിക്കാൻ (ചതുരക്കട്ട, ഗോളം.)

* വീടും പരിസരവും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേൺ കണ്ടെത്തൽ.

* ചിത്രീകരിച്ചിരിക്കുന്ന വിവിധ പാറ്റേണുകളുടെ യുക്തി കണ്ടെത്തി തുടർച്ച വരച്ച് ചേർക്കൽ.

## ജൂലായ്

+ മൂന്നക്ക സംഖ്യകൾ പറയൽ, അക്കത്തിലൂടെ അക്ഷരത്തിലും എഴുതൽ

* മൂന്നക്ക സംഖ്യകളെ ആരോഹണ / അവരോഹണ ക്രമത്തിൽ എഴുതൽ

* എണ്ണിയെടുക്കുന്നതിനും ക്രമം സൂചിപ്പിക്കുന്നതിനും സംഖ്യകൾ ഉപയോഗിക്കുന്നു.

## ആഗസ്റ്റ്

* രണ്ടായിരം വരെയുള്ള നാലക്ക സംഖ്യകൾ അക്കത്തിൽ എഴുതുന്നു.
* നിത്യജീവിതവുമായി ബന്ധപ്പെട്ട് മൂന്നക്ക സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.
* കളികളുടെ ഭാഗമായി മൂന്നക്ക സംഖ്യകളെ സന്ദർഭാനുസരണം വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.

## സെപ്തംബർ

* പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് സങ്കലന ക്രിയ ഉപയോഗിച്ച് നിർദ്ധാരണം ചെയ്യുന്നു.
* അപഗ്രഥിക്കുന്നു, നിർദ്ധാരണം ചെയ്യുന്നു.
* സന്ദർഭാനുസരണം മൂന്നക്ക സംഖ്യകളെ സ്ഥാനവിലക്കനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ചെയ്യാം.

## ഒക്ടോബർ

* നീളം അളക്കുന്നതിന് അംഗീകൃതമായ ഉപകരണങ്ങൾ ഉണ്ട്.
* നീളത്തിന്റെ ഏകകമാണ് സെന്റിമീറ്റർ
* നിത്യജീവിതത്തിന്റെ ഭാഗമായും കളികളുടെ ഭാഗമായും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് നീളത്തിന്റെ അളവുമായി ബന്ധപ്പെട്ട ഏകകങ്ങൾ, ഉപകരണങ്ങൾ എന്നിവ കൃത്യമായി ഉപയോഗിക്കുന്നു.

## നവംബർ

* ആവർത്തന സങ്കലനമാണ് ഗുണനം. ഒരു സംഖ്യ നിശ്ചിത തവണ ആവർത്തിച്ച് കൂട്ടുന്നതിനും പകരം ആ സംഖ്യയെ ആവർത്തിക്കുന്ന എണ്ണം കൊണ്ട് ഗുണിക്കാം.
* പ്രയോഗിക സന്ദർഭങ്ങളിൽ പ്രശ്നപരിഹാരത്തിന് ഗുണന വസ്തുകൾ ഉപയോഗിക്കുന്നു.
* ഗുണനക്രിയ ഉൾക്കൊള്ളുന്ന പ്രശ്നങ്ങൾ അപഗ്രഥിക്കുന്നു നിർദ്ധാരണം ചെയ്ത് നിഗമനം രൂപീകരിക്കുന്നു.

## ഡിസംബർ

* നിത്യജീവിതത്തിന്റെ വിവിധ സന്ദർഭങ്ങൾ ഗുണനക്രിയ ഉൾക്കൊള്ളുന്ന പ്രയോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു.
* പ്രശ്നങ്ങൾ അപഗ്രഥിക്കുന്നു. നിർധാരണം ചെയ്ത് നിഗമനം രൂപീകരിക്കുന്നു.

## ജനുവരി

* ഗുണന വസ്തുത കാർഡ് നിർമ്മാണം
* സ്കെയിൽ നിർമ്മാണം, കുട്ടികളുടെ ഉയരം
* പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

## ഫെബ്രുവരി

* കുട്ടികൾ സ്വന്തമായി കണ്ടെത്തുന്നു.
* ഗുണന വസ്തുത ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു.
* ഗുണന വസ്തുത, യുക്തിചിന്ത എന്നിവ പ്രോത്സാഹിപ്പിക്കുന്നു.

## മാർച്ച്

* ക്രിയകൾക്കുപരിയായി പ്രശ്നാപഗ്രഥനശേഷി വളർത്തുന്ന തരത്തിൽ ചോദ്യങ്ങൾ ചോദിക്കാൻ കുട്ടിയുടെ ശേഷി വളർത്തിയെടുക്കുന്നു
* കുട്ടികൾ സ്വന്തമായി ചോദ്യം വായിച്ച് ഉത്തരം കണ്ടെത്താൻ അവസരം നൽകുന്നു.

# ACADEMIC MASTER-PLAN

# CLASS-4

2025-26

# വാർഷികപദ്ധതി.
## മലയാളം

ജൂൺ.

കാവ്യാവിഷ്കാരം. അഭിനയസാധ്യത

സമാന കവിതകൾ താളാത്മകമായി അവതരിപ്പിക്കൽ

വായനദിനം - രചനോത്സവം ആരംഭം -

വായനക്കുറിപ്പ് . രചനകൾ വായിച്ചവതരിപ്പിക്കൽ

ജൂലായ്

ദൃശ്യാവിഷ്കാരം.

സർഗ്ഗാത്മകാഭിരുചി - വരയ്ക്കാം, എഴുതാം, തെളിയിക്കാം.

ആഗസ്റ്റ്

കാവ്യാവിഷ്കാരം

പരിസ്ഥിതിഗാനം - സമാന കവിതകൾ ശേഖരിച്ച് താളാത്മക-മായി അവതരിപ്പിക്കുന്നു. സ്വാതന്ത്ര്യദിനം-

സെപ്തംബർ

കവിതകൾ കൂട്ടമായി താളബോധത്തോടെ അഭിനയി-ച്ചവതരിപ്പിക്കുന്നു.

കഥയെ നാടകമാക്കൽ

ഏകാഭിനയം - വിളംബരം.

ഒക്ടോബർ

ഏകാഭിനയ സാധ്യത.

കേരള കലകൾ പരിചയപ്പെടുത്തുന്നതിന് [സന്ദർശനം] [വ്യക്തികൾ - വാദ്യോപകരണങ്ങൾ - വേഷവിധാനങ്ങൾ]

നവംബർ

പ്രകൃതിയെ ആസ്വദിക്കുന്നതിനും, കേരളഗാനങ്ങൾ ഈണത്തിലും, താളത്തിലും പാടുന്നു.

കേരളപ്പിറവിദിനം.

ഡിസംബർ

പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ - വായന, ലേഖനം.
ക്രിസ്മസ് ദിനാചരണം.

ജനുവരി.

കഥാവായന- വായനക്കുറിപ്പ് തയ്യാറാക്കൽ, നാടകീയ കുറിപ്പ് തയ്യാറാക്കൽ.

ഫെബ്രുവരി.

ആസ്വാദനക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കൽ.

മാർച്ച്

കുറിപ്പ്, വിവരണം എന്നിവ മെച്ചപ്പെട്ട രീതിയിൽ തയ്യാറാക്കി അവതരിപ്പിക്കുന്നതിന്

# വാർഷിക പദ്ധതികൾ
## പരിസരപഠനം

**ജൂൺ:**

പ്രകൃതിനടത്തം, ശാസ്ത്രയാത്ര, —
ആൽബങ്ങൾ, പ്രകൃതി നിരീക്ഷണത്തിനവസരം.

**ജൂലായ്:**

ശാസ്ത്രവാർത്ത - ചിത്രം - പ്രദർശനം,
ചാന്ദ്രദിനം, ആകാശക്കാഴ്ചകൾ, ശേഖരണം -
പതിപ്പ്.

**ആഗസ്റ്റ്:**

ഭാരതം സ്വാതന്ത്ര്യത്തിലൂടെ - ചരിത്രം
- മഹാൻമാർ - സംഭവങ്ങൾ. ദൃശ്യാവിഷ്കാരം
പതിപ്പ്, പ്രദർശനം.

**സെപ്തംബർ:**

വിവിധ പക്ഷികളുടെ പ്രത്യേകത.
ആൽബം :- തരംതിരിക്കൽ.

**ഒക്ടോബർ:**

ആഘോഷം, കല -> Trip കോവളം
or any place.

**നവംബർ:**

സംസ്കാരത്തിലേക്ക് ഒരു എത്തിനോട്ടം, ശാസ്ത്ര വിസ്മയച്ചുമർ - 'ഭൂമിയും ആകാശവും' ചിത്ര ശേഖരണം, ക്വിസ്.

**ഡിസംബർ:**

പത്രത്തിലെ ശാസ്ത്ര വാർത്ത ശേഖരണം.

**ജനുവരി:**

ഭൂപടമൊരുക്കൽ, ലഘുപരീക്ഷണങ്ങൾ CPTA.

**ഫെബ്രുവരി:**

പ്രാദേശിക ചരിത്രം തയ്യാറാക്കൽ, 'എന്റെ നാട്'.

**മാർച്ച് :**

"പഠനോത്സവം" -

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## ഗണിതം

ലക്ഷ്യങ്ങൾ

അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.
ആധുനിക സാങ്കേതിക വിദ്യകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
പ്രശ്നപരിഹരണത്തിനായി വിശകലനശേഷി, യുക്തിചിന്തനശേഷി എല്ലാ കുട്ടികളിലും വളർത്തുക.

ജൂൺ.
നാലക്കസംഖ്യകളുടെ സംഖ്യാബോധം, വ്യാഖ്യാനം.
പാറ്റേൺ വിശകലനം
ഗണിതകേളികൾ

ജൂലായ്
ക്ലോക്ക്, വാച്ച് നോക്കി സമയം കാണുന്നു.
കലണ്ടർ നോക്കി വിശേഷ ദിവസങ്ങൾ കാണുന്നു.

ആഗസ്റ്റ്
നാലക്കസംഖ്യകളുടെ സങ്കലനം
പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
ഗണിതശാസ്ത്ര പ്രതിഭകളെ പരിചയപ്പെടൽ

സെപ്തംബർ.
നാലക്കസംഖ്യകളുടെ വ്യവകലനം.
കുടുംബ ബഡ്ജറ്റ് തയ്യാറാക്കൽ.
കുട്ടികളുടെ ബാങ്ക് - സമ്പാദ്യശീലം വളർത്തുന്നതിന്

ഒക്ടോബർ:
ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ - നിർമ്മാണം.

നവംബർ
ഗുണനക്രിയകൾ ചെയ്യുന്നതിന് വ്യത്യസ്ത മാർഗങ്ങൾ കണ്ടെത്തൽ.

ഡിസംബർ

ഹരണക്രിയയിലൂടെ പ്രശ്നപരിഹരണം നടത്തുന്നതിന്.

ജനുവരി

നീളം, ഭാരം എന്നിവ അളക്കുന്നതിനുള്ള ഏകകം കണ്ടെത്തൽ.

ഫെബ്രുവരി.

വിവരശേഖരണം നടത്തൽ.

മാർച്ച്.

പതിനായിരത്തിൽ - എണ്ണ് - സ്ഥാനവില അനുസരിച്ച് വ്യാഖ്യാനം.

സംഖ്യകൾ അക്ഷരത്തിലും, അക്കത്തിലും എഴുതുന്ന

# ACADEMIC MASTER PLAN

## Subject : ENGLISH

## class : IV

Aim :

To speak, read, and write English without any mistakes.

Time : June, July, August.

June :

Pretest :

To develop listening skills and reading skills first.

Listening skills :

Games, Action songs, Hello English Activities, conversations, skit, storeis.

Speaking skills :

Descriptions, growing, sentences, picture reading, picture descriptions, Assembly.

July.

To train them on Self-Introduction, Picture description, Introductory activities like speech, book review, Quiz, Riddles.

August:

Make them more concentrated on. Basic Alphabetic skills like understanding phonics and basics in writting.

September:

News paper reading in classroom and Assembly. Library books Reading in classroom.

October:

Book reveiw, reading breaking News, collecting New words and presenting in classroom, Rhyming words, scribing words etc..

November:

Learning about tenses, Textbook activities.

December:

Making word web, Picture description, word chain, Sentence chain, Add-more lines.

January:

conversations, descriptions, Riddles Jumpled sentences. puzzle word activity.

February:

develop story, description, Notice. Letter, Magazines, Announcement. proclamation.

March:

Description, paragraph writting. story writting, adding More lines to poem.

# Academic Master Plan

## 2025 - 26

## UP

# മലയാളം

## ജൂൺ

അവധിക്കാല അനുഭവക്കുറിപ്പ് തയ്യാറാക്കൽ
അക്ഷരങ്ങൾ ഉറപ്പിക്കൽ, വാക്യനിർമ്മാണം, വായന കാർഡുകൾ വായിപ്പിക്കൽ.

ജൂൺ-19 വായനദിനം - വായനവാരാഘോഷം
വായനാമത്സരം, വായനാദിന ക്വിസ്സ്, ആസ്വാദന കുറിപ്പ് മത്സരം, സ്കൂൾതല മലയാളം മാഗസിൻ പ്രവർത്തനാരംഭം, ലൈബ്രറി സന്ദർശനം ക്ലാസ് ലൈബ്രറി ഒരുക്കൽ, വായനാമൂല, പത്രവായന

## ജൂലൈ - ആഗസ്റ്റ്

വിദ്യാരംഗ പ്രവർത്തനങ്ങൾ - കവിതാലാപനം, നാടൻപാട്ട്, ചിത്രരചന, കഥാരചന, കവിതാരചന, കാവ്യാലാപനം, അഭിനയം, പുസ്തകാസ്വാദനം
പഴഞ്ചൊല്ലുകൾ ശേഖരണം
ആഗസ്റ്റ് - 15 സ്വാതന്ത്ര്യദിനം - (പ്രസംഗം, ദേശഭക്തി ഗാനം, ദേശഭക്തിഗാനാലാപനം - മത്സരങ്ങൾ.

ചിങ്ങം-1 കർഷകദിനം. കർഷകനുമായി അഭിമുഖം. വിള പരിപാലനം കുറിപ്പ് തയ്യാറാക്കൽ

സെപ്റ്റംബർ

ഓണാഘോഷവുമായി ബന്ധപ്പെട്ട ഓണപദങ്ങൾ, ഓണപ്പാട്ടുകൾ, തിരുവാതിരക്കളി എന്നിവ നടത്താം.

ഒക്ടോബർ, നവംബർ

ഗാന്ധിജയന്തി ആഘോഷം. കേരളപ്പിറവി. മലയാള ഭാഷയിലെ സാഹിത്യകാരൻമാരെയും അവരുടെ കൃതികളെയും പരിചയപ്പെടാം, മഹാൻമാരുടെ ഉദ്ധരണികൾ ശേഖരിക്കാം.

ഡിസംബർ

ക്രിസ്തുമസ് കുറിപ്പ്, കരോൾഗാനങ്ങൾ ഉണ്ണിയേശുവിന്റെ ജനനത്തെക്കുറിച്ച് വിവരശേഖരണം നാടൻപാട്ടുകൾ ഈണത്തിൽ ചൊല്ലുന്നു.

ജനുവരി

നവവത്സരദിനം, വിനോദയാത്ര വിവരണം പങ്കുവെക്കൽ.

വർണ്ണന, നോട്ടീസ് തയ്യാറാക്കൽ, കഥാപൂർത്തിയാക്കൽ.

ഫെബ്രുവരി

പ്രാദേശിക ഉത്സവങ്ങളെക്കുറിച്ച് ലേഖനം തയ്യാറാക്കൽ, പ്രാദേശിക ചരിത്ര രചന.

മാർച്ച്

വായനക്കാർഡു നിർമാണം, കുട്ടിക്കവിത ചൊല്ലൽ. മാർച്ച് 22 ജലദിനം ...

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

വിഷയം : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി |
|---|---|---|
| അക്ഷരജ്ഞാനം | സംസ്കൃതം പഠിക്കുന്നതുടങ്ങുന്ന കുട്ടികൾക്കായി വിവിധ രീതിയിൽ അക്ഷരങ്ങൾ ഉറപ്പിക്കുന്നു | ജൂൺ |
| വായനശേഷി | അക്ഷരങ്ങളുടെ പഠനത്തിന് ശേഷം പദങ്ങൾ, വാക്യങ്ങൾ തുടങ്ങിയവ പരിചയപ്പെടുത്തൽ | ജൂലായ് ആഗസ്ത് |
| സർഗ്ഗാത്മക ശേഷി | സംസ്കൃത കലോത്സവ വേദിയിൽ ബന്ധപ്പെട്ട കുട്ടികളിലെ സർഗ്ഗവാസനകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ | സെപ്റ്റംബർ |
| സംസ്കൃതഭാഷയിൽ വിനിമയ സാമർത്ഥ്യം | ഉപജില്ലാ സംസ്കൃതോത്സവത്തിൽ ധാരാ മത്സരങ്ങളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ഒക്ടോബർ നവംബർ |
| സ്കോളർഷിപ്പ് നേടാനുള്ള നൈപുണി | സർക്കാർ നടത്തുന്ന സംസ്കൃതം സ്കോളർഷിപ്പിന് കുട്ടികളെ പ്രാപ്തരാക്കുന്നു. പരിശീലനം നടത്തുന്നു. | ജനുവരി ഫെബ്രുവരി |
| വാർഷികപതിപ്പ് | കുട്ടികൾ നേടിയ നൈപുണികളുടെ ഭാഗമായി വാർഷികപതിപ്പ് | |

| | | |
|---|---|---|
| | നടക്കുന്നതിനുള്ള വിധികൾ നടത്തുന്നു.<br>പിന്നോക്കത്തിൽ നിൽക്കുന്ന കുട്ടികൾക്ക് അധിക സമയം കണ്ടെത്തി പ്രവർത്തനങ്ങൾ കൊടുക്കുന്നു | മാർച്ച് |
| | <u>ഉദ്ദേശം</u> —<br>സംസ്കൃതജ്ഞാനം<br>സംസ്കൃത ശ്ലോകങ്ങൾ | |
| | | |

# U.P Hindi

## ലക്ഷ്യം

| 5,6,7 ക്ലാസ് | പ്രവർത്തനങ്ങൾ | |
|---|---|---|
| അക്ഷരബോധം ഉറപ്പിക്കൽ. അക്ഷരങ്ങളെ പരിചയപ്പെടാൻ അവസരം നൽകുക | പുതിയ പാഠങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കിക്കൊടുക്കുന്ന്. പരിശീലിപ്പിക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ |
| ഹിന്ദി വായന തെറ്റുകൂടാതെ വായിക്കാനുള്ള പരിശീലനം ചെയ്യുക | പുസ്തകം വായിച്ച് വായനയിലേക്ക് ആകർഷിക്കാം | June to Feb |
| ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി കൊടുക്കാം. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള രീതി പരിചയപ്പെടുത്താം. | ഹിന്ദി മാത്രം മിണ്ടാവുന്നതും ക്ലാസുകളിൽ ഉപയോഗിക്കാം. ഹിന്ദി സംസാരിക്കുന്നത് ക്ലാസിൽ നടപ്പിലാക്കാം | June to Feb |

# Academic Master Plan. 2025-2026

## UP - English

| Month | Aim | Activities |
| --- | --- | --- |
| June | Provide To listen and speak with Proper pronounciation | Giving training to act according to the instructions given English. |
| July August | Enhancing | Broadcasts recorded audios Videos etc to Correct their Pronounciation [Poems, narration news ...] |
| September | | chance to perform story telling Selecting. Good story teller... either written or byhearting.. |
| October | | Encourage the learners to perform one act play - Concentrates individual |
| November | | Opportunity to Speak on a topic [every day - Free topic] |
| December | | Provide opportunity to perform dialogues and perform skit. |
| January February | | By listening the recorded news daily. Ample opportunity to Read news daily and honour the reader of the month |
| March | | English Fest |

# സാമൂഹ്യ ശാസ്ത്രം

2025 - 26

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|
| 1, ചരിത്രസ്മാരകങ്ങൾ പരിചയപ്പെടൽ | ചിത്രശേഖരണം |
| 2, ജനാധിപത്യം - ആശയത്തിന്റെ പ്രാധാന്യം | പതിപ്പ് നിർമ്മാണം |
| 3, മുഗൾ ഭരണാധികാരികൾ - ഭരണനേട്ടങ്ങൾ | കുറിപ്പ് തയ്യാറാക്കൽ |
| 4 കേരളം - വൈവിധ്യങ്ങളിലൂടെ | പട്ടിക തയ്യാറാക്കൽ |
| 5, നവോത്ഥാനം - വിദ്യാഭ്യാസ വഴികളിലൂടെ | വിവരശേഖരണം |
| 6 ഭരണഘടനയുടെ പ്രാധാന്യം - കുട്ടികളിലൂടെ | സെമിനാർ അവതരണം |
| 7 ഭൂമിയുടെ ഉള്ളറ വിവിധ അറിവുകൾ | ചാർട്ട് പ്രദർശനം |
| 8, ഭൂപടം - ഇന്ത്യ | സംസ്ഥാനങ്ങൾ രേഖപ്പെടുത്തൽ |

| | |
|---|---|
| 9, ഇന്ത്യൻ ഉപഭൂഖണ്ഡം | പ്രത്യേകതകൾ<br>- കുറിപ്പ് ശേഖരണം<br>- വാക്യഘടന |
| 10, ഗോമജ്ജിചിത്രത്തിന്റെ സവിശേഷതകൾ | കൊളാഷ് നിർമ്മാണം |

2025-26

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ
## അടിസ്ഥാന ശാസ്ത്രം

**ജൂൺ :-**
ലാബ് നവീകരണം

**ജൂലായ് :-**
ഔഷധസസ്യ പ്രദർശനം

**ഓഗസ്റ്റ് :-**
പരീക്ഷണശില്പശാല
ശാസ്ത്രപരീക്ഷണങ്ങൾ

**സെപ്റ്റംബർ :**
ഫീൽഡ് ട്രിപ്പ് - ആവാസവ്യവസ്ഥ.

**ഒക്ടോബർ :-**
വനവത്കരണത്തിന്റെ പ്രാധാന്യം
വായനാക്കുറിപ്പ് തയ്യാറാക്കൽ

**നവംബർ :-**
വാക്സിനുകളെക്കുറിച്ചുള്ള
ധാരണ കൈവരിക്കൽ
- പേപ്പർ കട്ടിംഗ് ശേഖരിക്കൽ

**ഡിസംബർ :-**
ജൈവവൈവിധ്യത്തിന്റെ
പ്രാധാന്യം ~~ശേഖരിക്കൽ~~ - ആൽബം തയ്യാറാക്കൽ

ജനുവരി:-

- പച്ചക്കറികളും രോഗപ്രതിരോധവും
- ബോധവൽക്കരണ ക്ലാസ്'

ഫെബ്രുവരി:-

രക്തദാനത്തിന്റെ പ്രാധാന്യം —
വായനാക്കുറിപ്പ് തയ്യാറാക്കൽ.

മാർച്ച്:-

ജലം അമൂല്യമാണ് — പ്ലക്കാർഡുകൾ
- പോസ്റ്ററുകൾ തയ്യാറാക്കൽ'

# ഗണിതം ലളിതം (2025-26)

UP ക്ലാസുകളിലെ വിദ്യാർത്ഥികൾക്കിടയിൽ ഗണിത പഠനം കൂടുതൽ രസകരവും ലളിതവുമാക്കി മാറ്റി ഗണിതാഭിരുചിയും താൽപര്യവും ജനിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപീകരിക്കുന്നു.

**ലക്ഷ്യം** :- UP ക്ലാസിലെ കുട്ടികളിൽ ഗണിതത്തോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നൽകുന്നു.

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| June & July | * ഗണിത ക്ലബ്ബ് രൂപീകരണം<br>* ക്ലാസിൽ ഒരു ഗണിത മൂലയൊരുക്കൽ<br>* ഗണിത lab സജ്ജമാക്കൽ |
| | * ഗണിത ക്ലബ്ബ് പ്രവർത്തനങ്ങളിൽ സജീവമാകാനും ഗണിതാഭിരുചിയുള്ള പ്രതിഭകളെ കണ്ടെത്തുന്നതിനുവേണ്ടി ഗണിത Test, ഗണിത ക്വിസ്സ് എന്നിവ നടത്തുന്നു |
| August & september | * സ്കൂൾ തല Maths Exhibition<br>* സ്കൂൾ തല ഗണിത Magazine പ്രവർത്തനാരംഭം<br>* സ്കൂൾ തല ഗണിത ശാസ്ത്രമേളയിൽ മികവ് പുലർത്തുന്നവർക്ക് സബ് ജില്ലാ തല മത്സരങ്ങൾക്ക് വേണ്ട പ്രത്യേക പരിശീലനം.<br>* വിവിധ ഗണിത [illegible] നിന്നും |

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| | തിരഞ്ഞെടുക്കുന്ന ചില ഗണിത പ്രവർത്തനങ്ങൾ ചുവർ പത്രികയാക്കി ക്ലാസ്സുകളിൽ പ്രദർശിപ്പിക്കുന്നു. |
| October & November | * ഗണിത club തലത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. (Maths Puzzles, Tricky maths Problems, Maths Games എന്നിവയുടെ ശേഖരണവും അവതരണവും.) |
| December & January | * Geogebra software ൽ കുട്ടികൾക്ക് പരിശീലനം നൽകൽ<br>* ഗണിത magazine logo പ്രകാശനം<br>* ദേശീയ ഗണിത ശാസ്ത്ര ദിനാചരണം (December 22) |
| February | * School തല ഗണിത magazine പ്രകാശനം<br>* ഗണിത പരീക്ഷകളിൽ പിന്നിൽ നിൽക്കുന്ന കുട്ടികൾക്ക് വാർഷിക പരീക്ഷക്ക് മുമ്പേ പ്രത്യേക പരിശീലനം നൽകുന്നു. |

തുടർ പ്രവർത്തനങ്ങൾ :-

* വിവിധ ഇന്ത്യൻ ഗണിത ശാസ്ത്രജ്ഞരെ കുറിച്ച് കണ്ടെത്തി വിവരശേഖരണം നടത്താൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നു.
* ഗണിത ശാസ്ത്ര പഠനത്തിൽ ICT സാധ്യതകൾ കണ്ടെത്തുന്നു.

# ACADEMIC MASTER PLAN

# STD : V

RAJITHA

ക്ലാസ്സ് - 5
സാമൂഹ്യശാസ്ത്രം

Rajitha

# വാർഷിക പദ്ധതി - 2025

## ആമുഖം

വ്യക്തിക്ക് സമൂഹത്തോടും പ്രകൃതിയോടുമുള്ള ബന്ധമാണ് സാമൂഹ്യശാസ്ത്രത്തിന്റെ പഠനമേഖല. സാമൂഹിക ജീവിതത്തിന്റെ ആരോഗ്യകരമായ നിലനില്പിനും ഭദ്രതയ്ക്കും ഒരുമയോടുള്ള പ്രവർത്തനങ്ങൾ കൂടിയേ തീരൂ. മാറുന്ന കാലത്തിന്റെ വെല്ലുവിളികളെ സമർത്ഥമായി നേരിടാനും കരുതലോടെ മുന്നോട്ടുപോകാനും സാമൂഹ്യശാസ്ത്രപഠനം സഹായിക്കുന്നു. ഉത്തമ പൗരനായി വളരുന്നതിനും സമൂഹനന്മയ്ക്കായി പ്രവർത്തിക്കുന്നതിനുമുള്ള അറിവും മനോഭാവവും നൈപുണികളും വികസിപ്പിക്കാൻ ഈ വിഷയത്തിലൂടെ സാധിക്കും.

## യൂണിറ്റ് - ഒന്ന് പിലിയുടെ ഗ്രാമം. (ജൂൺ)

- വ്യക്തിഗത പ്രൊഫൈൽ നിർമ്മാണം
- ചോദ്യാവലി തയ്യാറാക്കൽ
- വിവരശേഖരണം
- വ്യത്യസ്ത ജീവിതപശ്ചാത്തലങ്ങളെക്കുറിച്ച് വിവരണം തയ്യാറാക്കൽ.
- പതിപ്പ് തയ്യാറാക്കൽ.
- യാത്രാഗാനം ശേഖരണം
- അഭിനയം
- നാടൻ വിഭവങ്ങൾ പങ്കുവയ്ക്കൽ

- ഗാനരചന, ചിത്രരചന, ചിത്രപ്രദർശനം, യാത്രാനുഭവം തയ്യാറാക്കൽ, കരകൗശല വസ്തുക്കളുടെ നിർമ്മാണവും പ്രദർശനവും,
- എന്റെ സന്തോഷങ്ങൾ - വീഡിയോ തയ്യാറാക്കൽ
- ഭാവനാചിത്രം തയ്യാറാക്കൽ
- റോൾ പ്ലേ
- ചന്ത - സന്ദർശനം

## യൂണിറ്റ് - രണ്ട് (ജൂൺ - ജൂലൈ)

### ഭക്ഷണവും വസ്ത്രവും.

- കൊളാഷ് നിർമ്മാണം
- തിരിച്ചറിയൽ കാർഡ് നിർമ്മാണം
- ഭക്ഷ്യദിന സന്ദേശം - പ്ലക്കാർഡ് നിർമ്മാണം
- അഭിമുഖം
- ചോദ്യാവലി തയ്യാറാക്കൽ, സംവാദം
- ഭക്ഷ്യമേള
- പാചകം
- കൃഷിത്തോട്ട നിർമ്മാണം

## യൂണിറ്റ് - മൂന്ന് (ജൂലൈ - ആഗസ്റ്റ്)

### തൊഴിൽ വൈവിധ്യങ്ങൾ

- വിവരശേഖരണം, സ്കിറ്റ് അവതരണം
- സ്വയംതൊഴിൽ സംരംഭങ്ങൾ - സന്ദർശനം
- സ്വയം തൊഴിൽ സംരംഭങ്ങൾ പരിചയപ്പെടൽ
- തരംതിരിക്കൽ
- ചിത്രവിശകലനം

## യൂണിറ്റ് - നാല് (ആഗസ്റ്റ് - സെപ്റ്റംബർ)

### വസ്ത്രത്തിന്റെ നാൾവഴികൾ

- ചിത്രവായന
- ചിത്രശേഖരണം
- സംവാദം

- വസ്ത്രനിർമ്മാണശാല സന്ദർശനം
- പാനൽ ചർച്ച - വസ്ത്രനിർമ്മാണത്തിൽ വന്ന മാറ്റങ്ങൾ
- കരകൗശല വസ്തുക്കളുടെ നിർമ്മാണം - പാഴ്ത്തുണികൾ ഉപയോഗിച്ച്

## യൂണിറ്റ് - 5 വരയ്ക്കാം വായിക്കാം (സെപ്തംബർ)

- ഭൂപട നിരീക്ഷണം
- ഭൂഖണ്ഡങ്ങളുടെയും ജില്ലകളുടെയും തിരിച്ചറിയൽ കാർഡ് നിർമ്മാണം
- ഗ്ലോബ് വായന
- ക്ലാസ്മുറിയുടെയും സ്കൂളിന്റെയും രേഖാചിത്രം വരയ്ക്കൽ
- പതിപ്പ് തയ്യാറാക്കൽ
-

## യൂണിറ്റ് - 6 ജനങ്ങൾ ജനങ്ങളാൽ (ഒക്ടോബർ)

- മാതൃകാ ക്ലാസ്സ് തല തിരഞ്ഞെടുപ്പ്
- സെമിനാർ
- EVM മാതൃക നിർമ്മാണം
- ചർച്ച
- കൊളാഷ്
- ID കാർഡ് തയ്യാറാക്കൽ

## യൂണിറ്റ് - 7 ഗതാഗത- ആശയവിനിമയ സംവിധാനങ്ങൾ (ഒക്ടോബർ- നവംബർ)

- മ്യൂസിയം സന്ദർശനം
- ആൽബം തയ്യാറാക്കൽ
- നാടിവലം

(പ്രദർശനം
- ആശയ ഭൂപടം തയ്യാറാക്കൽ

## യൂണിറ്റ് - 8 നാടറിയാം (ഡിസംബർ)

- ജനപ്രതിനിധികളുമായി അഭിമുഖം
- ഫീൽഡ് സർവ്വേ
- ഫീൽഡ് ട്രിപ്പ്
- മണ്ണ് ശേഖരണം
- പ്ലക്കാർഡ് നിർമ്മാണം
- ആൽബം തയ്യാറാക്കൽ
- കൊളാഷ് നിർമ്മാണം

## യൂണിറ്റ് - 9 നന്മയിലേക്ക് (ജനുവരി)

- റോൾപ്ലേ, ചിത്രവായന, ചർച്ച
- അഭിമുഖം
- ചോദ്യാവലി തയ്യാറാക്കൽ
- നാണയ പ്രദർശനം

## യൂണിറ്റ് - 10 വിണ്ണിലെ വിസ്മയങ്ങളും മണ്ണിലെ വിശേഷങ്ങളും (ജനുവരി - ഫെബ്രുവരി)

- ചിത്രം വരയ്ക്കൽ - സൂര്യോദയം/സൂര്യാസ്തമയം
- ചാർട്ട് തയ്യാറാക്കൽ - സൗരയൂഥം
- റോൾപ്ലേ - സൗരയൂഥം
- നക്ഷത്ര ആകാശനിരീക്ഷണം
- സെമിനാർ - 'കാലാവസ്ഥാ വ്യതിയാനവും മനുഷ്യനും'
- അന്വേഷണക്കുറിപ്പ് തയ്യാറാക്കൽ

## യൂണിറ്റ് - 11 നിയമവും സമൂഹവും (മാർച്ച്)

- ചിത്ര നിരീക്ഷണം
- കളികളിൽ പാലിക്കേണ്ട വ്യവസ്ഥകൾ - ചർച്ച
- പദസൂര്യൻ
- ചുവർ പത്രിക തയ്യാറാക്കൽ - റോഡ് സുരക്ഷാ ചിത്രങ്ങൾ
- ഫ്ലാഷ് കാർഡ് നിർമ്മാണം
- റോൾ പ്ലേ - കാൽനടയാത്രക്കാർക്കുള്ള നിർദ്ദേശം
- പതിപ്പ് തയ്യാറാക്കൽ
- അഭിമുഖം - നിയമ വിദഗ്ദ്ധർ.